ആമുഖ ലേഖനം

●

**എ.ആർ**

# ആദർശ രാഷ്ട്രീയ പ്രസ്ഥാനം കാലത്തിന്റെയും രാജ്യത്തിന്റെയും സത്വരാവശ്യം



**വംശീയമോ** മതപരമോ ഭാഷാപരമോ ആയ ന്യൂനപക്ഷങ്ങൾ ജീവിക്കുന്ന ഏതാണ്ടെല്ലാ രാജ്യങ്ങളിലും പ്രശ്നങ്ങളുണ്ട്. ചിലേടത്ത് രൂക്ഷമാണ്. ഒരിടത്തും എല്ലാം ഭംഗിയായി നീങ്ങുന്നില്ല. ശ്രീലങ്കയിലെ ഭാഷാ-വംശീയ ന്യൂനപക്ഷം അവഗണനക്കെതിരെയും അവകാശങ്ങൾക്ക് വേണ്ടിയും നടത്തിയ പോരാട്ടമാണ് തമിഴ് വിഘടനവാദത്തിലും ആഭ്യന്തര യുദ്ധത്തിലും ചെന്നെത്തിയത്. ഇന്തോനേഷ്യൻ ദ്വീപ് സമൂഹങ്ങളിലെ ഈസ്റ്റ് തിമൂർ സായുധ സമരത്തിലൂടെ സ്വാതന്ത്ര്യം തന്നെ നേടിയെടുത്തു. താരതമ്യേന ശാന്തമായിരുന്ന മലേഷ്യയിൽ ഹിന്ദു ന്യൂനപക്ഷം ഒടുവിൽ തെരുവിലിറങ്ങി. ഹിന്ദ് റാഫിന്റെ പ്രക്ഷോഭം ഇപ്പോൾ സർക്കാരിന് തലവേദനയാണ്. ഇറാഖിൽ കുർദ് വംശീയ ന്യൂനപക്ഷത്തിന്റെ വിഘടന പ്രക്ഷോഭങ്ങളെ ഏകാധിപതിയായ സദ്ദാം ഹുസൈൻ അടിച്ചമർത്തുകയായിരുന്നു. സദ്ദാമിന്റെ പതനത്തെ തുടർന്ന് അമേരിക്കൻ നിയന്ത്രിത സർക്കാർ ബഗ്ദാദിൽ അവരോധിതമായപ്പോൾ കുർദുകൾക്കതിൽ പങ്കാളിത്തവും കുർദ് മേഖലക്ക് സ്വയംഭരണവും ലഭിച്ചു. ദക്ഷിണ തുർക്കിയിൽ പക്ഷേ കുർദുകൾ ഇപ്പോഴും സ്വാതന്ത്ര്യ പോരാട്ടത്തിന്റെ പാതയിലാണ്. തുർക്കി സൈനികമായി അത് നേരിട്ടുകൊണ്ടിരിക്കുന്നു. ഫിലിപ്പൈൻസിൽ മോറോ മുസ്‌ലിംകളും, തായ്‌ലന്റിൽ പട്ടാണി മുസ്‌ലിംകളും, റഷ്യയിൽ ചെച്നിയൻ ന്യൂനപക്ഷവും സ്വയം നിർണയാവകാശത്തിനായി ആയുധമെടുക്കുകയാണ്. സെർബിയയിൽനിന്ന് വേറിട്ടു പോവാൻ കൊസോവൻ ന്യൂനപക്ഷത്തിന് അതിഭീമമായ വിലനൽകേണ്ടിവന്നു. സുഡാനിലെ ദാർഫുർ മേഖല വംശീയ യുദ്ധത്തിന്റെ പാരമ്യതയിലാണ് നിൽക്കുന്നത്.

വിവിധ രാജ്യങ്ങളിലെ ന്യൂനപക്ഷ പ്രശ്നങ്ങൾ സങ്കീർണമായ സാഹചര്യങ്ങളിലാണ് 1992-ൽ ദേശീയ, വംശീയ, മത, ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെക്കുറിച്ച ഐക്യരാഷ്ട്രസഭാ പ്രഖ്യാപനം (General Assembly Resolution-47/135 of 18th Dec. 1992) പൊതുസഭ അംഗീകരിച്ചത്. അതുപ്രകാരം ന്യൂനപക്ഷങ്ങളുടെ സമസ്ത മൗലികാവകാശങ്ങളും പൂർണമായി ഉറപ്പുവരുത്തുകയും, തങ്ങളുടെ

**ഹിന്ദുമഹാസഭ, ആർ.എസ്.എസ് എന്നീ തീവ്ര ഹിന്ദുത്വ സംഘടനകളുടെ അരങ്ങേറ്റത്തോടെ ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ പ്രബല മതന്യൂനപക്ഷമായ മുസ്‌ലിംകളിൽ ഉടലെടുത്ത നിലനിൽപിനെയും ഭാവിയെയും കുറിച്ച ആശങ്ക ക്രമേണ സാമുദായിക ധ്രുവീകരണത്തിലും രക്തരൂഷിതമായ രാഷ്ട്ര വിഭജനത്തിലേക്കും നയിച്ച പശ്ചാത്തലത്തിലാണ് സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടനയിൽ മതന്യൂനപക്ഷങ്ങൾക്ക് സമാവകാശങ്ങളും മതിയായ പരിരക്ഷയും മതസ്വാതന്ത്ര്യവും വ്യവസ്ഥ ചെയ്തത്. ജനാധിപത്യ മതനിരപേക്ഷ രാഷ്ട്രീയ സംവിധാനത്തിൽ ഏതെങ്കിലും മതാനുയായികൾക്കോ ഭാഷാ വിഭാഗങ്ങൾക്കോ എതിരായ വിവേചനം അചിന്ത്യമാണ്.**

സാംസ്കാരിക പൈതൃകവും തനിമയും മത സ്വാതന്ത്ര്യവും കാത്തുസൂക്ഷിക്കാൻ അവരെ അനുവദിക്കുകയും, ലയിപ്പിക്കാനോ ഉന്മൂലനം ചെയ്യാനോ ഉള്ള സർവശ്രമങ്ങളും തടയപ്പെടുകയും വേണം. വികസന പ്രക്രിയയിൽ ഭൂരിപക്ഷ സമൂഹത്തിന് തുല്യമായ പങ്കാളിത്തവും ന്യൂനപക്ഷങ്ങൾക്കുണ്ട്. 1950-ൽ നിലവിൽവന്ന ഇന്ത്യൻ ഭരണഘടന രാജ്യത്തെ ന്യൂനപക്ഷങ്ങൾക്ക് ഉറപ്പാക്കിയ അവകാശങ്ങൾ തന്നെയാണത്. ഹിന്ദുമഹാസഭ, ആർ.എസ്.എസ് എന്നീ തീവ്ര ഹിന്ദുത്വ സംഘടനകളുടെ അരങ്ങേറ്റത്തോടെ ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ പ്രബല മതന്യൂനപക്ഷമായ മുസ്‌ലിംകളിൽ ഉടലെടുത്ത നിലനിൽപിനെയും ഭാവിയെയും കുറിച്ച ആശങ്ക ക്രമേണ സാമുദായിക ധ്രുവീകരണത്തിലും രക്തരൂഷിതമായ രാഷ്ട്ര വിഭജനത്തിലേക്കും നയിച്ച പശ്ചാത്തലത്തിലാണ് സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടനയിൽ മതന്യൂനപക്ഷങ്ങൾക്ക് സമാവകാശങ്ങളും മതിയായ പരിരക്ഷയും മത സ്വാതന്ത്ര്യവും വ്യവസ്ഥ ചെയ്തത്. ജനാധിപത്യ മതനിരപേക്ഷ രാഷ്ട്രീയ സംവിധാനത്തിൽ ഏതെങ്കിലും മതാനുയായികൾക്കോ ഭാഷാ വിഭാഗങ്ങൾക്കോ എതിരായ വിവേചനം അചിന്ത്യമാണ്.

പക്ഷേ ഭരണഘടനാ തത്ത്വങ്ങൾ പ്രയോഗതലത്തിൽ എത്രത്തോളം പാലിക്കപ്പെടും എന്നതാണ് ഏറ്റവും പ്രസക്തമായ ചോദ്യം. സ്വാതന്ത്ര്യ ലബ്ധി മുതൽ നാൽപത്തഞ്ച് വർഷക്കാലം തുടർച്ചയായി മതേതര പാർട്ടിയായ ഇന്ത്യൻ നാഷ്നൽ കോൺഗ്രസ്സാണ് ഇന്ത്യ ഭരിച്ചത്. മുസ്‌ലിംകളിലും ക്രൈസ്തവരിലും മഹാഭൂരിപക്ഷം കോൺഗ്രസിനോടൊപ്പം നിലയുറപ്പിക്കുകയും ചെയ്തു. പക്ഷേ രാജ്യത്ത് ശക്തിപ്പെട്ടുവന്ന തീവ്രഹിന്ദുത്വത്തിന്റെ വക്താക്കളായ സംഘ്പരിവാറിന്റെ ന്യൂനപക്ഷ പ്രീണനമെന്ന മുറവിളി കോൺഗ്രസ് സർക്കാറുകളെ ചകിതരാക്കി. ഭൂരിപക്ഷത്തിന്റെ അപ്രീതിയെക്കുറിച്ച ഭയം ഭരണഘടനാ ബാധ്യതകളിൽനിന്ന് വഴുതിമാറാൻ കോൺഗ്രസിന് പ്രേരണയായി. കോൺഗ്രസിലെത്തന്നെ വലതുപക്ഷ ശക്തികൾ ന്യൂനപക്ഷങ്ങൾക്കെതിരായ വിവേചനത്തിന്നാക്കം കൂട്ടി. കോൺഗ്രസ് ഭരണത്തിലിരിക്കെ ഗുജറാത്തിലും (1969) പശ്ചിമബംഗാളിലും മഹാരാഷ്ട്രയിലും ബീഹാറിലും ആസാമിലും യു.പിയിലും മറ്റു സംസ്ഥാനങ്ങളിലും പലതവണ ഭീകര വർഗീയ കലാപങ്ങളുണ്ടായി. പതിനായിരക്കണക്കിൽ മുസ്‌ലിംകൾ അറുകൊല ചെയ്യപ്പെട്ടു. കോൺഗ്രസ് ഭരണാധികാരികളുടെ അനുഭാവം അധരങ്ങളിലൊതുങ്ങി. പാർട്ടിയിലെ ദേശീയ മുസ്‌ലിംകൾ സ്വന്തം സമുദായത്തോട് മതേതരത്വവും സംയമനവും ഉപദേശിച്ചു. മതേതരനായ ജവഹർലാൽ നെഹ്റു (ചരമം 1964) വിന്റെ നിര്യാണത്തോടെ കോൺഗ്രസ് പൂർവാധികം വലത്തോട്ട് ചാഞ്ഞു. ഗത്യന്തരമില്ലാതെയാണ് 1964 ഏപ്രിലിൽ നെഹ്റു മന്ത്രിസഭയിൽ അംഗവും ബീഹാറിൽനിന്നുള്ള കോൺഗ്രസ് നേതാവുമായിരുന്ന ഡോ. സയ്യിദ് മഹ്മൂദ്, ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി അമീർ മൗലാനാ അബുല്ലൈസ് നദ്‌വി, ജംഇയ്യതു ഉലമായെ ഹിന്ദ് നേതാവ് മുഫ്തി അതീഖുർറഹ്മാൻ ഉസ്മാനി, ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് പ്രസിഡന്റ് മുഹമ്മദ് ഇസ്മാഈൽ, കൊൽക്കത്ത ഖിലാഫത്ത് കമ്മിറ്റി മേധാവി മുല്ലാജാൻ മുഹമ്മദ്, ലക്നോ നദ്‌വത്തുൽ ഉലമാ റെക്ടർ മൗലാനാ അബുൽഹസൻ അലി നദ്‌വി, യു.പി സോഷ്യലിസ്റ്റ് നേതാവ് എ.ജെ ഫരീദി തുടങ്ങിയവരോടൊപ്പം ചേർന്ന് രാജ്യത്ത് സാമുദായിക മൈത്രിയും ന്യൂനപക്ഷ രക്ഷയും ലക്ഷ്യമാക്കി ആൾ ഇന്ത്യ മുസ്‌ലിം മജ്‌ലിസെ മുശാവറക്ക് രൂപംനൽകിയത്. മൂന്ന് വർഷത്തോളം പ്രമുഖ ഗാന്ധിയൻ പണ്ഡിറ്റ് സുന്ദർലാൽ അടക്കമുള്ള അമുസ്‌ലിം നേതാക്കളുടെ പൂർണ സഹകരണത്തോടെ മുശാവറ സജീവ കർമരംഗത്തുണ്ടായിരുന്നു.

1967-ലെ പൊതു തെരഞ്ഞെടുപ്പ് മുശാവറയിൽ ശൈഥില്യവും മന്ദീഭാവവും വിതച്ചു. തെരഞ്ഞെടുപ്പിൽ ഇതാദ്യമായി മുസ്‌ലിം ന്യൂനപക്ഷം കോൺഗ്രസിനെതിരെ തിരിയുകയും ചെയ്തു. ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ സപ്തകക്ഷിമുന്നണിയിൽ ഘടകമായി മുസ്‌ലിം ലീഗ് കോൺഗ്രസിനെ കൈയൊഴിഞ്ഞതും 1967-ലെ കേരള നിയമസഭാ തെരഞ്ഞെടുപ്പിലായിരുന്നു. പശ്ചിമബംഗാളിലെ 24 ശതമാനത്തോളം വരുന്ന മുസ്‌ലിംകളെ, കോൺഗ്രസ് ഭരണത്തിന്റെ നിരന്തരമായ അവഗണനയും വർഗീയാക്രമണങ്ങളുടെ തിക്താനുഭവങ്ങളും സി.പി.എം നേതൃത്വം നൽകുന്ന ഇടതുപാളയത്തിലെത്തിച്ചു. ഇടക്കാലത്ത് അബൂത്വാലിബ് മൗലവിയുടെയും ഹസനുസ്സമാന്റെയും നേതൃത്വത്തിൽ മുസ്‌ലിംലീഗ് ബംഗാളിൽ ശ്രദ്ധേയമായ ഇലക്ഷൻ നേട്ടങ്ങൾ കൈവരിച്ചുവെങ്കിലും അത് അൽപായുസ്സായി.

എന്നാൽ കോൺഗ്രസിൽനിന്ന് ഇന്ത്യൻ മുസ്‌ലിം ന്യൂനപക്ഷം ഗണ്യമായി അകലുന്നത്, രാജീവ് ഗാന്ധിയുടെ നേതൃത്വത്തിൽ പാർട്ടി 1986-ൽ ബാബരി മസ്ജിദ് ശ്രീരാമ വിഗ്രഹപൂജക്ക് തുറന്നുകൊടുക്കാൻ വഴിയൊരുക്കിയതോടെയാണ്. മസ്ജിദ് ഭൂമിയിൽ രാമക്ഷേത്ര ശിലാന്യാസത്തിന് അനുമതി നൽകിയതോടെ മുസ്‌ലിംകളുടെ കോൺഗ്രസ് വിരോധം പൂർവാധികം രൂക്ഷമായി. രാജീവ് വധത്തോടെ പ്രധാനമന്ത്രി പദത്തിൽ അവരോധിതനായ പി.വി നരസിംഹറാവു നിസ്സംഗനായി നോക്കിനിൽക്കെ 1992 ഡിസംബർ 6-ന് ഹിന്ദുത്വ കർസേവകർ നാലര നൂറ്റാണ്ട് പഴക്കമുള്ള ബാബരി മസ്ജിദ് തൂത്തെറിഞ്ഞത് മുസ്‌ലിംകളെ അതികഠിനമായി വേദനിപ്പിക്കുകയും രോഷാകുലരാക്കുകയും ചെയ്തു. സോണിയാഗാന്ധി കോൺഗ്രസ് അധ്യക്ഷയായി സ്ഥാനം ഏൽക്കുകയും, ബാബരി മസ്ജിദ് ധ്വംസനത്തിൽ ഖേദം പ്രകടിപ്പിക്കുകയും, ഒപ്പം ബി.ജെ.പി നിയന്ത്രിത എൻ.ഡി.എയുടെ രംഗപ്രവേശം കൂടുതൽ മോശപ്പെട്ട പകരമാണെന്ന തിരിച്ചറിവ് ന്യൂനപക്ഷങ്ങൾക്കുണ്ടാവുകയും ചെയ്തപ്പോഴാണ് അവരുടെ പിന്തുണ ഒരു പരിധിവരെ തിരിച്ചുപിടി

**പല പാർട്ടികളിലായി ശിഥിലമായ മുസ്‌ലിം വോട്ടുകളുടെ ഏകീകരണം ക്ഷിപ്രസാധ്യമല്ല. അധികാരം കുത്തകയാക്കിയവരുടെ പ്രീണനവും പ്രലോഭനവും അവസരവാദികളായ സമുദായനേതാക്കളെ ചൂണ്ടയിടുന്നതിൽ വിജയിക്കാനാണിട. കള്ളപ്പണത്തിന്റെ വൻ കുത്തൊഴുക്കിൽ ഒരുമാതിരി പരീക്ഷണങ്ങളൊക്കെ നിലംപൊത്താം. സർവശക്തമായ മീഡിയയുടെ കളി എല്ലാറ്റിനും അപ്പുറത്ത് വൻഭീഷണിയായി നിൽക്കുന്നു. നിലവിലെ സാമുദായിക രാഷ്ട്രീയ പാർട്ടികൾ തന്നെ കാര്യമായി പച്ചതൊട്ടില്ലെന്നിരിക്കെ പുതുതായി ഒന്നിന്റെ പിറവി ശൈശവ മരണ സാധ്യതയിലേക്കാണ് വിരൽ ചൂണ്ടുന്നതെന്ന അശുഭാപ്തിയും പ്രകടമാണ്.**

ക്കാൻ കോൺഗ്രസിന് സാധ്യമായത്. യു.പി.എയുടെ അധികാര ലബ്ധിയിൽ മുസ്‌ലിം ന്യൂനപക്ഷത്തിന്റെ നിർണായക പങ്ക് അനിഷേധ്യമാണ്.

ഡോ. മൻമോഹൻ സിംഗിന്റെ യു.പി.എ സർക്കാർ രണ്ടാം ഊഴത്തിന് ജനവിധി തേടാനിരിക്കെ കലുഷവും സങ്കീർണവുമാണ് ദേശീയ രാഷ്ട്രീയം. ഭൂരിപക്ഷം സംസ്ഥാനങ്ങളിലും അധികാരത്തിലിരിക്കുന്ന ബി.ജെ.പി മുന്നണി ശക്തമായ തിരിച്ചുവരവിന് സകലവിധ അടവുകളും പയറ്റുകയാണ്. സാമ്പത്തിക മാന്ദ്യം, ഇന്ത്യൻ രൂപയുടെ മൂല്യശോഷണം, ഭീമമായ വിലക്കയറ്റം തുടങ്ങി സാധാരണക്കാരെ ബാധിക്കുന്ന പ്രശ്നങ്ങൾ മാത്രമല്ല, തീവ്രവാദത്തോടും ഭീകരതയോടും യു.പി.എ സർക്കാർ കാണിക്കുന്നതായി ആരോപിക്കുന്ന മൃദുസമീപനം, ബദരീനാഥ്, സേതുസമുദ്രം, അഫ്സൽഗുരുവിന്റെ വധശിക്ഷ നടപ്പാക്കുന്നതിലെ കാലവിളംബം തുടങ്ങിയ വൈകാരിക പ്രശ്നങ്ങളും എൽ.കെ അദ്വാനി നയിക്കുന്ന കാവിപ്പടയുടെ പ്രചാരണായുധങ്ങളാണ്. ഈ പ്രചാരണങ്ങളെ നേരിടാൻ ഇടതുപക്ഷം യു.പി.എയോടൊപ്പമില്ല. അമേരിക്കയുമായുള്ള ആണവകരാർ വിഷയത്തിൽ യു.പി.എ സർക്കാറിനുള്ള പിന്തുണ പിൻവലിച്ച ഇടതുമുന്നണി മൂന്നാം ബദൽ തട്ടിക്കൂട്ടുന്ന തിരക്കിലാണ്. ബി.ജെ.പിക്ക് തുല്യമായി കോൺഗ്രസിനെയും മുഖ്യശത്രുവായി കാണുന്ന സമീപനമാണ് വീണ്ടും ഇടതുപക്ഷം സ്വീകരിച്ചിരിക്കുന്നത്. മതന്യൂനപക്ഷങ്ങളിൽ കടുത്ത ആശങ്കയുളവാക്കുന്നതാണ് മതേതര പാളയത്തിലെ ശൈഥില്യം എൻ.ഡി.എക്ക് മുതൽകൂട്ടാവുന്ന സാഹചര്യം. എന്നാലും ഇത്തവണ അവർ കണ്ണുംചിമ്മി കോൺഗ്രസിന് അനുകൂലമായി വിധിയെഴുതാൻ തയാറല്ല. ഭീകരവിരുദ്ധ വേട്ടയുടെ കുന്തമുന മുസ്‌ലിം സംഘടനകൾക്കും സമുദായത്തിനുമെതിരെ തിരിച്ചുവെച്ച സുരക്ഷാ ഉപദേഷ്ടാവ് എം.കെ നാരായണന്റെയും ഇന്റലിജൻസിന്റെയും പോലീസിന്റെയും ഫാഷിസ്റ്റ് അനുകൂല സമീപനം അവരെ അരക്ഷിതരും അസ്വസ്ഥരുമാക്കിയിരിക്കുന്നു. ബട്‌ല ഹൗസിലെ ഏറ്റുമുട്ടൽ തീർത്തും വ്യാജമായിരുന്നു എന്ന് ന്യായമായ കാരണങ്ങളാൽ വിശ്വസിക്കുന്ന സമുദായ സംഘടനകൾ ഒന്നടങ്കം ആവശ്യപ്പെട്ട അന്വേഷണം പോലും ധിക്കാരപൂർവം നിരസിക്കപ്പെട്ടതിൽ അവർക്ക് അമർഷമുണ്ട്. അദ്വാനി ഏർപ്പെടുത്തിയ 'സിമി' നിരോധനത്തിന്റെ കാലാവധി നീട്ടാൻ യു.പി.എ സർക്കാർ പെടാപാട് പെടുമ്പോൾ, ഒറീസയിലെയും കർണാടകയിലെയും ന്യൂനപക്ഷ ഉന്മൂലന പരിപാടിയുടെ ചുക്കാൻ പിടിച്ച ബജ്റംഗ്ദളിനെയും വി.എച്ച്.പിയെയും നിർബാധം അഴിഞ്ഞാടാൻ വിടുന്നതിലെ വിവേചനം അസഹനീയമായി അവർ കാണുന്നു. സ്വാതന്ത്ര്യത്തിന്റെ അര നൂറ്റാണ്ട് കാലത്തെ മുസ്‌ലിം അവസ്ഥയെക്കുറിച്ച് പഠിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മിറ്റിയെ നിയോഗിച്ചത് മൻമോഹൻ സർക്കാറിന്റെ വൻനേട്ടമായി അവതരിപ്പിക്കുന്നവർ, ആ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിൽ സർക്കാർ കാട്ടുന്ന ഭീരുത്വവും അലംഭാവവും കണ്ടില്ലെന്ന് നടിക്കുകയാണ്. മാത്രമല്ല സ്വപ്രയത്നത്താൽ തികഞ്ഞ പ്രതികൂല സാഹചര്യങ്ങളിൽ വിദ്യനേടി ഐ.ടി മേഖലയിലും മറ്റും എത്തിപ്പെട്ട മുസ്‌ലിം യുവാക്കളെ കേവലം സംശയങ്ങളുടെ പേരിൽ വേട്ടയാടി മൃഗീയമായി പീഡിപ്പിക്കുന്നത് സമുദായത്തെ പിറകോട്ട് വലിക്കുന്നു. സൈന്യത്തിൽ മുസ്‌ലിം പ്രാതിനിധ്യം തീർത്തും നാമമാത്രമാണെന്നതോടൊപ്പം വർഗീയവത്കരിക്കപ്പെടുന്ന പട്ടാളത്തിന്റെ ആശങ്കാജനകമായ ചിത്രമാണ് മാലേഗാവ് സ്ഫോടനാന്വേഷണം അനാവരണം ചെയ്യുന്നത്. സാർവദേശീയ രംഗത്ത് അമേരിക്ക-ഇസ്രയേൽ സഖ്യത്തോടൊപ്പം ചേർന്നു അറുപിന്തിരിപ്പൻ വലതുപക്ഷനയങ്ങൾ പിന്തുടരുന്ന യു.പി.എ സർക്കാർ ആഭ്യന്തര രംഗത്തും അതേ നയംതന്നെയാണ് പയറ്റുന്നതെന്ന് ന്യൂനപക്ഷങ്ങൾ ആശങ്കിക്കുന്നു. അതിനാൽ ആസന്നമായ പൊതുതെരഞ്ഞെടുപ്പിനെതുടർന്ന് ഒരുവേള എൻ.ഡി.എ തിരിച്ചുവന്നാൽ തന്നെ മോശമായതൊന്നും സംഭവിക്കാനിടയില്ലെന്ന് കരുതുന്നവർ നിരവധിയാണ്. അതേസമയം, പ്രബലമായ ഒരു മൂന്നാം ബദലിനെക്കുറിച്ച പ്രതീക്ഷ അവർ പങ്കിടുന്നില്ല. കേരളത്തിലും പശ്ചിമബംഗാളിലും ഭരണപരാജയം മൂലം തിരിച്ചടി നേരിടുന്ന ഇടതുമുന്നണിക്ക് നിലവിലെ ലോക്‌സഭയിലെ അംഗസംഖ്യ നിലനിർത്തുക തന്നെ ഏറക്കുറെ അസാധ്യമാവും. ബി.എസ്.പി ശക്തി ഗണ്യമായി വർധിപ്പിച്ചേക്കാം. എന്നാൽ മുലായംസിംഗിന്റെ എസ്.പിക്ക് ശക്തിക്ഷയമാണ് പ്രവചിക്കപ്പെടുന്നത്. ലാലുപ്രസാദ് യാദവിന്റെ ആർ.ജെ.ഡിയാകട്ടെ യു.പി.എ ഘടകമാണ്. ടി.ഡി.പി, എ.ഐ.എ.ഡി.എം.കെ തുടങ്ങിയ പ്രാദേശിക കക്ഷികൾ സമയമായാൽ ബി.ജെ.പി മുന്നണിയിലേക്കും ചേക്കേറാനുള്ള സാധ്യത മുൻ അനുഭവങ്ങൾ നിരാകരിക്കുന്നില്ല. എ.ജി.പി ഇപ്പോൾതന്നെ എൻ.ഡി.എയിൽ തിരിച്ചെത്തിക്കഴിഞ്ഞു.

സങ്കീർണമായ ഈ പശ്ചാത്തലമാണ് വിശാലമായ ഒരു ന്യൂനപക്ഷ-ദലിത്-പിന്നാക്ക രാഷ്ട്രീയ പാർട്ടിയെക്കുറിച്ച ആലോചനക്ക് പിന്നിൽ. എട്ട് ലോക്‌സഭാ മണ്ഡലങ്ങളിൽ മുസ്‌ലിംകൾക്ക് ഭൂരിപക്ഷമുണ്ടെങ്കിലും അതിൽ ഭൂരിഭാഗവും ജമ്മുകശ്മീരിലാണ്. 12-ൽ ഒപ്പത്തിനൊപ്പം നിൽക്കുന്നു. ഏതാണ്ട് 80 മണ്ഡലങ്ങളിൽ മുസ്‌ലിം വോട്ടുകൾ നിർണായകമാണെന്നും പറയുന്നു. ഇതുപക്ഷേ കണക്കു കൂട്ടലുകളാണ്. പല പാർട്ടികളിലായി ശിഥിലമായ മുസ്‌ലിം വോട്ടുകളുടെ ഏകീകരണം ക്ഷിപ്രസാധ്യമല്ല. അധികാരം കുത്തകയാക്കിയവരുടെ പ്രീണനവും പ്രലോഭനവും അവസരവാദികളായ സമുദായനേതാക്കളെ ചൂണ്ടയിടുന്നതിൽ വിജയിക്കാനാണിട. കള്ളപ്പണത്തിന്റെ വൻ കുത്തൊഴുക്കിൽ ഒരുമാതിരി പരീക്ഷണങ്ങളൊക്കെ നിലംപൊത്താം. സർവശക്തമായ മീഡിയയുടെ കളി എല്ലാറ്റിനും അപ്പുറത്ത് വൻഭീഷണിയായി നിൽക്കുന്നു. നിലവിലെ സാമുദായിക രാഷ്ട്രീയ പാർട്ടികൾ തന്നെ കാര്യമായി പച്ചതൊട്ടില്ലെന്നിരിക്കെ പുതുതായി ഒന്നിന്റെ പിറവി ശൈശവ മരണ സാധ്യതയിലേക്കാണ് വിരൽ ചൂണ്ടുന്നതെന്ന അശുഭാപ്തിയും പ്രകടമാണ്.

അതേയവസരത്തിൽ ഇപ്പറഞ്ഞതിനെല്ലാം ഒരു മറുവശമുണ്ട്. പ്രത്യയശാ

**തിരിച്ചടികൾ പ്രതീക്ഷിച്ചുകൊണ്ടുതന്നെ സാഹസികമായ പുറപ്പാടും ഇടപെടലും ശുഭകരമായ ഭാവിയെക്കുറിച്ച പ്രത്യാശ ജനിപ്പിക്കുന്നു. മായാവതിയുടെ തന്റേടവും മുശർറഫിന്റെ തിരോധാനവും ഉർദുഗാന്റെ അചഞ്ചലതയും നിജാദിന്റെ നിശ്ചയദാർഢ്യവും ഹമാസിന്റെ ചെറുത്തുനിൽപും ഒബാമയുടെ വിജയവും ഭിന്ന ഭൂമികകളിലാണെങ്കിലും മാറ്റം ആഗ്രഹിക്കുന്നവരുടെ ഇഛാശക്തിയെയാണ് വിളംബരം ചെയ്യുന്നത്. ജന വിരുദ്ധ ശക്തികൾ സൃഷ്ടിക്കുന്ന താൽക്കാലിക വിഹ്വലതകൾ ഒന്നിന്റെയും അവസാന വാക്കല്ല.**

സ്ത്രപരമായ അടിത്തറയും ആർജവമുള്ള നയനിലപാടുകളും അർപ്പണ ബോധ മുള്ള അണികളും കൈമുതലായ ഒരു പരീക്ഷണവും ന്യൂനപക്ഷ ഭൂമികയിൽ ഇതേ വരെ ഉണ്ടായിട്ടില്ല. വിഭജനപൂർവ സാമുദായിക ജനകീയ കൂട്ടായ്മയുടെ പോലും ആദർശപരമായ അടിത്തറ അത്യന്തം ദുർബലമായിരുന്നു. അതിന്റെ ശിക്ഷയാണ് ഇന്ന് അയൽരാജ്യം അനുഭവിക്കുന്നത്. നിസ്വാർഥ നേതൃത്വത്തിന് കീഴിൽ അവ ധാനപൂർവം സംഘടിപ്പിക്കപ്പെടുന്ന വിശാലമായ ഒരാദർശ രാഷ്ട്രീയ പ്രസ്ഥാന ത്തിന്റെ രംഗപ്രവേശം രാജ്യത്തിന്റെയും കാലത്തിന്റെയും സത്വരാവശ്യമാണ്. അഴി മതിയും സ്വജനപക്ഷപാതവും അധികാര ദുർവിനിയോഗവും വർഗീയ കാർഡും കുത്തകകളുടെ ദാസ്യവുമല്ല രാഷ്ട്രീയമെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താനായാൽ കാറ്റ് മാറി വീശാം. മതേതര ബദലുകളുടെ കൊലച്ചതിയും മൂല്യമുക്ത സാമുദായി കതയുടെ ചാഞ്ചല്യവും ഇടതുപക്ഷത്തിന്റെ പാളിച്ചകളും തത്ത്വാധിഷ്ഠിത രാഷ്ട്രീയ കൂട്ടായ്മയുടെ അനുപേക്ഷ്യത നിശ്ചയമായും വിളിച്ചോതുന്നുണ്ട്. തിരിച്ചടികൾ പ്രതീ ക്ഷിച്ചുകൊണ്ടുതന്നെ സാഹസികമായ പുറപ്പാടും ഇടപെടലും ശുഭകരമായ ഭാവി യെക്കുറിച്ച പ്രത്യാശ ജനിപ്പിക്കുന്നു. മായാവതിയുടെ തന്റേടവും മുശർറഫിന്റെ തിരോധാനവും ഉർദുഗാന്റെ അചഞ്ചലതയും നിജാദിന്റെ നിശ്ചയദാർഢ്യവും ഹമാ സിന്റെ ചെറുത്തുനിൽപും ഒബാമയുടെ വിജയവും ഭിന്ന ഭൂമികകളിലാണെങ്കിലും മാറ്റം ആഗ്രഹിക്കുന്നവരുടെ ഇഛാശക്തിയെയാണ് വിളംബരം ചെയ്യുന്നത്. ജന വിരുദ്ധ ശക്തികൾ സൃഷ്ടിക്കുന്ന താൽക്കാലിക വിഹ്വലതകൾ ഒന്നിന്റെയും അവ സാന വാക്കല്ല. ■